മെട്രോ വാർത്ത
28 November 2017

# യുവ ഗവേഷകർക്ക് സാമ്പത്തിക സഹായം

കൊച്ചി: കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ജനുവരി 15 മുതൽ 17 വരെ കൊച്ചിയിൽ നടക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിന് യുവഗവേഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. വിദ്യാർഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകും. കൂടാതെ, ഏറ്റവും മികച്ച പ്രബന്ധങ്ങൾ സമർപ്പിക്കുന്നവരുടെ യാത്ര-താമസച്ചിലവുകൾക്കുള്ള സാമ്പത്തിക സഹായവും നൽകും. യുവഗവേഷകരെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി നോർവെ ആസ്ഥാനമായി പ്രവർത്തിക്കുന്ന നാൻസൻ സയന്റിഫിക് സൊസൈറ്റിയാണ് ഇതിനുള്ള സാമ്പത്തിക സഹായം നൽകുന്നത്. 30നകം അപേക്ഷ സമർപ്പിക്കണം.